**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3565

11.12.2018 ൽ മറുപടിയ്ക്ക്

**മലപ്പുറം ജില്ലയിൽ പുതിയ പഞ്ചായത്തുകൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.വി. അൻവർ :** | | **ശ്രീ. എ.സി. മൊയ്തീൻ** (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) |
| എ) | മലപ്പുറം ജില്ലയിൽ പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | എ) & ബി) | 28.03.2018 തീയതിയിലെ സ.ഉ.(സാധാ)നം.877/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർ നിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനുള്ള ശുപാർശ സംബന്ധിച്ച കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും. |
| ബി) | മലപ്പുറം ജില്ലയിലെ ഏതെങ്കിലും പഞ്ചായത്തുകളെ യോജിപ്പിച്ചോ, അല്ലാതെയോ മുൻസിപ്പാലിറ്റികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| സി) | നിലമ്പൂർ ബ്ലോക്കിന് കീഴിലുള്ള പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതത്തിൽ നിന്ന് ചുങ്കത്തറയിലെ കമ്മ്യൂണിറ്റി സെന്ററിൽ സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്ന സൗജന്യ ഡയാലിസിസ് സെന്ററിന് എല്ലാ വർഷവും പണം അനുവദിക്കുവാൻ സാധിക്കുമോ; എങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിന് പ്രത്യേക അനുമതി നൽകുവാൻ സാധിക്കുമോ; വിശദമാക്കാമോ? | സി) | ചുങ്കത്തറയിൽ പ്രവർത്തിക്കുന്ന സൗജന്യ ഡയലിസിസ് സെന്ററിന് എല്ലാ വർഷവും പണം അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ /ശുപാർശകൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. നിർദ്ദേശങ്ങൾ ലഭിക്കുകയാണെങ്കിൽ പരിശോധനയ്ക്ക് ശേഷം മാത്രമേ തീരുമാനമെടുക്കുമാൻ സാധിക്കുകയുള്ളൂ |

Pradeepkumar

സെക്ഷൻ ഓഫീസർ